**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3326** **04-08-2021 - ൽ മറുപടിയ്ക്ക്**

**റേഷൻ വ്യാപാരികൾക്ക് കിറ്റ് വിതരണത്തിന് കമ്മീഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | Shri G R Anil<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് പശ്ചാത്തലത്തിൽ സൗജന്യ ഭക്ഷ്യ കിറ്റുകൾ വിതരണം ചെയ്യുന്നതിന് റേഷൻ വ്യാപാരികൾക്ക് കമ്മീഷൻ നൽകുന്നുണ്ടോ; വിശദമാക്കാമോ; | (എ) | കോവിഡ് പശ്ചാത്തലത്തിൽ സൗജന്യ ഭക്ഷ്യ കിറ്റുകൾ എല്ലാ വിഭാഗം കുടുംബങ്ങൾക്കും റേഷൻ കടകൾ വഴി വിതരണം ചെയ്ത വകയിൽ കമ്മീഷൻ നല്കുന്നുണ്ട്. |
| (ബി) | ഈ ഇനത്തിൽ ചില്ലറ റേഷൻ വ്യാപാരികൾക്ക് കമ്മീഷൻ ഇനത്തിൽ നൽകാനുള്ള തുക കുടിശ്ശികയായിട്ടുണ്ടോ; എങ്കിൽ ആയത് എപ്പോൾ നൽകാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (ബി) | ഈ ഇനത്തിൽ 2020 സെപ്റ്റംബർ മുതൽ 2021 ഏപ്രിൽ വരെ മാസങ്ങളിലെ കമ്മീഷൻ തുക റേഷൻ വ്യാപാരികൾക്ക് അനുവദിച്ച് നല്കുവാനുണ്ട്. 2020 ഏപ്രിൽ, മെയ് മാസങ്ങളിലായി വിതരണം നടത്തിയ അതിജീവന കിറ്റുകളുടെ കമ്മീഷൻ 2020 ആഗസ്റ്റ് മാസത്തിലും 2020 ആഗസ്റ്റ്, സെപ്റ്റംബർ എന്നീ മാസങ്ങളിൽ വിതരണം ചെയ്ത ഓണക്കിറ്റുകളുടെ കമ്മീഷൻ 2021 ഫെബ്രുവരി മാസത്തിലും അനുവദിച്ച് നല്കിയിട്ടുണ്ട്. 2021 മെയ് മാസത്തെ കിറ്റുകളുടെ കമ്മീഷൻ നല്കുന്നതിന് സിവിൽ സപ്ലൈസ് ഡയറക്ടർക്ക് അനുമതി നല്കി സർക്കാർ ഉത്തരവായിട്ടുമുണ്ട്. 2020 സെപ്റ്റംബർ മുതൽ 2020 ഡിസംബർ വരെ നാല് മാസങ്ങളിലെ കിറ്റുകൾക്ക് കമ്മീഷൻ അനുവദിച്ച് നല്കുവാനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ച് വരുന്നു. 2021 ജനുവരി മുതൽ 2021 ഏപിൽ വരെ നാല് മാസങ്ങളിലെ കിറ്റുകൾക്ക് കമ്മീഷൻ നല്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ